ഭരണഭാഷ-മാതൃഭാഷ

പൊതുവിദ്യാഭ്യാസ
ഡയറക്ടറുടെ കാര്യാലയം,
ഹയർ സെക്കന്ററി വിഭാഗം,
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്,
ശാന്തിനഗർ, തിരുവനന്തപുരം-1
Email Id:dhsefinb@gmail.com

നം.ഫിൻ.ബി4/227809/2022/ഡിജിഇ/എച്ച്എസ്ഇ

**തീയതി :22/02/2022**

## പരിപത്രം

വിഷയം:- പൊതുവിദ്യാഭ്യാസ വകുപ്പ് - ഹയർ സെക്കന്ററി വിഭാഗം 2006 മുതൽ 2014 വരെയുള്ള കാലയളവിലെ ഇനിയും തീർപ്പാക്കാത്ത പരീക്ഷാ ബില്ലുകൾ അടിയന്തിരമായി സെറ്റിൽ ചെയ്യുന്നത്- നിർദ്ദേശങ്ങൾ നൽകുന്നത്-സംബന്ധിച്ച്.

കേരളത്തിലെ വിവിധ ഹയർസെക്കന്ററി സ്കൂളുകളിലെ 2006 മുതൽ 2014 വരെയുള്ള പരീക്ഷാ ബില്ലുകളിൽ ഇനിയും തീർപ്പാക്കാത്ത നിരവധി സ്കൂളുകൾ ഉള്ളതായി വിവിധ മേഖലാ ഉപഡയറക്ടർമാർ അറിയിച്ചിട്ടുണ്ട്. **2006 മുതൽ 2014 വരെയുള്ള കാലയളവിലെ പരീക്ഷാ ബില്ലുകളിൽ ഇനിയും തീർപ്പാക്കാത്ത സ്കൂളുകൾ ആയത് അടിയന്തിരമായി സെറ്റിൽ ചെയ്യേണ്ടതാണ്. സെറ്റിൽ ചെയ്യുന്നതിനായി ആ കാലയളവിലെ ബില്ലുകൾ 31/03/2022 നു മുമ്പായി ഹയർ സെക്കന്ററി വിഭാഗം ഡയറക്ടറേറ്റിൽ എത്തിക്കേണ്ടതാണ് (തപാൽ മുഖേനയോ നേരിട്ടോ).** നേരത്തേ ബില്ലുകൾ നൽകിയിട്ടും സെറ്റിൽ ചെയ്യാത്ത ബില്ലുകൾ ഉള്ള സ്കൂളുകൾ ഉണ്ടെങ്കിൽ അത്തരം ബില്ലുകളുടെ ഒരു പകർപ്പു കൂടി ഡയറക്ടറേറ്റിൽ മേൽപ്പറഞ്ഞ തീയതിക്കു മുമ്പായി സമർപ്പിക്കേണ്ടതാണ്. **മേൽപ്പറഞ്ഞ തീയതിക്ക് ശേഷവും സെറ്റിൽ ചെയ്യാത്ത ബില്ലുകൾ ശ്രദ്ധയിൽപ്പെടുന്ന പക്ഷം ആയത് ബന്ധപ്പെട്ട പ്രിൻസിപ്പാൾമാരുടെ ബാധ്യതയായി നിശ്ചയിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.** പ്രസ്തുത വിവരങ്ങൾ ബന്ധപ്പെട്ട എല്ലാ ആർ.ഡി.ഡി മാരുടെയും പ്രൻസിപ്പാൾമാരുടെയും അറിവിലേക്കായി പ്രസിദ്ധപ്പെടുത്തുന്നു.

**സീനിയർ ഫിനാൻസ് ഓഫീസർ**
**(പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി)**